# 61. ബാബാ അംതേ

ശാന്തസമുദ്രത്തിൽ, ഏഴായിരത്തിലേറെ ദ്വീപുകളിലായി വ്യാപിച്ചുകിടക്കുന്നതാണ് ഫിലിപ്പീൻസ് റിപ്പബ്ലിക്. മൂന്നു നൂററാണ്ടോളം സ്പെയിനിൻെറയും പിന്നീട് അരനൂററാണ്ടോളം അമേരിക്കയുടെയും കീഴിലായിരുന്ന ഈ പ്രദേശം 1946-ൽ സ്വാതന്ത്ര്യം നേടി.

ഫിലിപ്പീൻസിലെ പ്രസിഡണ്ട് ആയിരുന്ന റമോൺ മാഗ്സേസേയുടെ പേരിൽ, പല പ്രവർത്തനമേഖലകളിൽ പ്രശസ്തി നേടിയവർക്ക് ആണ്ടുതോറും സമ്മാനങ്ങൾ നല്കിവരുന്നുണ്ട്. നോബൽസമ്മാനങ്ങൾ പോലെതന്നെ അന്താരാഷ്ട്രീയപ്രാധാന്യമാർജ്ജിച്ചിട്ടുള്ളവയാണ് മാഗ്സേസേ അവാർഡുകൾ. ഈ ആണ്ടിൽ പൊതുജനസേവനത്തിനുള്ള മാഗ്സേസേ അവാർഡ് മഹാരാഷ്ട്രത്തിലെ ബാബാ മുരളീധർ ദേവീദാസ് അംതേയ്ക്കു നല്കപ്പെട്ടു.

മദർ തെരേസയെപ്പോലെതന്നെ, ലോകമെങ്ങും അറിയപ്പെടേണ്ട ഒരു ഭാരതീയവ്യക്തിയാണ് ബാബാ അംതേ. ബാബയുടെ ചരിത്രം വായിക്കുന്ന ഒരാൾ, ഇത്രയുമേറെ നന്മ ഇപ്പോഴും മനുഷ്യർക്കിടയിൽ ഉണ്ടല്ലോ എന്ന് അത്ഭുതപ്പെട്ടുപോവും. മഹാത്മാഗാന്ധി വെട്ടിത്തുറന്ന സേവനത്തിൻെറ പാതയിൽ ഇടറാത്ത കാൽവെയ്പുകളോടെ മുന്നേറുന്ന ബാബയുടെ മാതൃക ആരെയാണ് ആവേശഭരിതനാക്കാതിരിക്കുക?

സമ്പന്നമായ ഒരു മഹാരാഷ്ട്ര ബ്രാഹ്മണകുടുംബത്തിൽ പിറന്ന മുരളീധർ അംതേ നന്നേ ചെറുപ്പത്തിൽത്തന്നെ ഗാന്ധിജിയുടെ ഒരു ശിഷ്യനായിത്തീർന്നു. 1942-ലെ 'ക്വിററിന്ത്യ' സമരത്തിൽ പങ്കെടുത്ത അദ്ദേഹം ബ്രിട്ടീഷ് പട്ടാളക്കാരുടെ ഒരു കമ്പനി ചൂണ്ടിയ തോക്കുകൾക്കു മുമ്പിൽ തുറന്ന നെഞ്ചുമായി കലുങ്ങാതെ നിന്നു: 'നിർഭയനായ സാധകൻ' എന്നാണ് മഹാത്മാഗാന്ധി അംതേയെ വിശേഷിപ്പിച്ചത്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് നടപ്പിൽവരുത്തിക്കൊണ്ടിരുന്ന നിർമ്മാണപരിപാടിയിലെ ഒരു ഇനമായിരുന്ന ഹരിജനസേവനത്തിലായിരുന്നു അംതേയ്ക്കു പ്രത്യേക താത്പര്യം. ഇതു നിമിത്തം, യാഥാസ്ഥിതികനായിരുന്ന തൻെറ പിതാവുമായി അദ്ദേഹത്തിനു പലപ്പോഴും കലഹിക്കേണ്ടിവന്നു.

ക്വിററിന്ത്യാ സമരകാലത്ത് അംതേ ജയിലിലായിരുന്നു. ജയിലിൽനിന്നു വിട്ടു വന്നതിനുശേഷം, നാഗ്പൂർ പട്ടണത്തിനടുത്ത് ചന്ദ്രപൂർജില്ലയിലെ 'വരോരാ' എന്ന നഗരത്തിലൂടെ നടക്കുമ്പോഴാണ് അദ്ദേഹത്തിൻെറ ജീവിതത്തെ ആകെ മാററിമറിച്ച ആ സംഭവം ഉണ്ടായത്. റോഡിൽ, തുറന്ന കാനയുടെ അടുത്ത്, ഒരു കുഷ്ഠരോഗി കിടക്കുന്നത് അംതേ കണ്ടു. ആ രോഗിയുടെ വെച്ചുകെട്ടാത്ത വ്രണങ്ങളിൽ പുഴു തിളച്ചുകൊണ്ടിരുന്നു. ഈ കാഴ്ച അംതേയെ വികാരവിവശനാക്കി. അദ്ദേഹം രോഗിയുടെ മുറിവുകൾ കഴുകി; വെച്ചുകെട്ടി; അയാളെയും കൂട്ടി വീട്ടിലേക്കു പോയി. പക്ഷേ, വീട്ടുകാർ രോഗിയെ അകത്തു കടത്താൻ ഒരുക്കമായിരുന്നില്ല.

രോഗിയുമൊത്ത് അംതേ വീടു വിട്ടിറങ്ങി. വരോരാ നഗരത്തിനു പുറത്ത് ഒരു തുണ്ടു ഭൂമിയിൽ ഒരു കുടിൽകെട്ടി അംതേ അവിടെ രോഗിയോടൊപ്പം താമസം തുടങ്ങി. പിഞ്ചുകുഞ്ഞായിരുന്ന മകനേയുംകൊണ്ട് അംതേയുടെ ഭാര്യ ഇന്ദുഘുലേ അങ്ങോട്ടുചെന്നു. ഒരു പശുവും പതിന്നാലു രൂപയുമായിരുന്നു ഈ കുടുംബത്തിൻെറ ആകെ സ്വത്ത്. ഏതാനും ദിവ

സങ്ങൾക്കുള്ളിൽ ആ കുടുംബത്തിൽ അതിഥികളായ കുഷ്ഠരോഗികളുടെ എണ്ണം ആറായി വദ്ധിച്ചു. 1951-ലാണ് അംതേ കുഷ്ഠരോഗികളെ സേവിക്കുന്നതിനായി തന്റെ ജീവിതം ഇങ്ങനെ ഉഴിഞ്ഞുവച്ചത്. ക്രമേണ അദ്ദേഹത്തിന്റെ പ്രവർത്തനം ചന്ദ്രപൂർ ജില്ലയിൽ മുഴുവൻ വ്യാപിച്ചു. അദ്ദേഹം സ്ഥാപിച്ച കുഷ്ഠരോഗികളുടെ കോളനി 'ആനന്ദവനം' എന്ന പേരിൽ പ്രസിദ്ധമായി.

ഒരു കുഷ്ഠരോഗാശുപത്രിയും, രോഗമുക്തരുടെ പുനരധിവാസകേന്ദ്രവും അടങ്ങിയതാണ് ഇപ്പോൾ അന്താരാഷ്ട്രീയ സാമൂഹ്യസേവകരുടെ തീർത്ഥാടനകേന്ദ്രമായിത്തീർന്നിട്ടുള്ള 'ആനന്ദവനം'. ഇന്ത്യയിലെ എല്ലാ ഭാഗങ്ങളിൽനിന്നും എത്തിയ ആയിരത്തഞ്ഞൂറോളം കുഷ്ഠരോഗികൾ ഇവിടെയുണ്ട്; രോഗമോചനം നേടിയവരുടെ നിർമാണപ്രവർത്തനങ്ങൾ ഇവിടത്തെ ജീവിതത്തെ തിരക്കുള്ളതാക്കിത്തീർക്കുന്നു.

കുഷ്ഠരോഗചികിത്സയിൽ വിപ്ലവകരമായ മാററങ്ങൾ അടുത്തകാലത്ത് സംഭവിച്ചിട്ടുണ്ട്. കുഷ്ഠരോഗികളെ ആട്ടിയോടിക്കുകയാണ് പ്രാചീനസമൂഹങ്ങൾ ചെയ്തുവന്നത്. അന്ന് ആ രോഗത്തിന് ചികിത്സയില്ലെന്നു കരുതപ്പെട്ടുവന്നു. പിന്നീട് മരോട്ടി (മരവെട്ടി) എണ്ണ കുഷ്ഠത്തിനുള്ള മരുന്നായി അംഗീകരിക്കപ്പെട്ടു. 'അകത്തും പുറത്തും എക്കാലത്തും 'മരോട്ടി എണ്ണ ഉപയോഗിക്കുന്ന സമ്പ്രദായത്തിന് അറുതിവന്നത്, 1950-കളിൽ സൽഫോൺമരുന്നുകൾ പ്രചാരത്തിൽ വന്നതോടെയാണ്. ഇപ്പോൾ കുഷ്ഠരോഗത്തിനു പല സിദ്ധൗഷധങ്ങളും ഉപയോഗത്തിലുണ്ട്. രോഗം ആരംഭത്തിൽ കണ്ടുപിടിച്ചാൽ നിശ്ശേഷം ചികിത്സിച്ചുമാററാം. വൈകി കണ്ടുപിടിച്ചാലും, ചികിത്സകൊണ്ട് രോഗപ്പകർച്ച തടയാം; രോഗിയെ ഒരു സാമൂഹ്യവിപത്തല്ലാതാക്കാം. രോഗം പകരുകയില്ലെന്ന് ഉറപ്പുവന്നാൽ, രോഗിക്ക് സാധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാം.

'ആനന്ദവന'ത്തിലെ രോഗികൾ ഒരു മാതൃകാ നെൽക്കൃഷിത്തോട്ടം നടത്തിവരുന്നുണ്ട്. 'മഹാരോഗി സേവാസമിതി' എന്ന പേരിൽ അവർ ഒരു സംഘടനയുണ്ടാക്കിയിരിക്കുന്നു. ഈ സംഘടനയുടെ വകയായി ഒരു കാർഷിക കോളേജുണ്ട്. നെൽക്കൃഷി സംബന്ധിച്ച പല പഠനങ്ങളും പരീക്ഷണങ്ങളും ഈ കോളേജിൽ നടന്നുവരുന്നു. കൃഷിയിടങ്ങളിൽനിന്നുള്ള വരുമാനമാണ് 'ആനന്ദവന'ത്തിലെ പ്രവർത്തനങ്ങൾക്ക് പ്രധാനമായും ഉപയോഗിക്കുന്നത്. 'ആനന്ദവന'ത്തിലെ ആവശ്യം കഴിഞ്ഞു മിച്ചം വരുന്ന പാലും പച്ചക്കറിയും വിററ് ആണ്ടിൽ രണ്ടു ലക്ഷത്തിലേറെ രൂപ അവർ നേടുന്നു.

കുഷ്ഠരോഗികൾക്കെന്നപോലെ വികലാംഗർക്കും ഒരു അഭയകേന്ദ്രമാണ് 'ആനന്ദവനം'. ഇവിടെ ഒരു അന്ധ-മൂക-ബധിര വിദ്യാലയം പ്രവർത്തിച്ചുവരുന്നു. ഒരു 'വൃദ്ധഭവന'വുമുണ്ട് അവിടെ. നാലു് ആശുപത്രികൾ 'ആനന്ദവന'ത്തിന്റെ കീഴിൽ നടക്കുന്നു. ആനന്ദവനത്തിലെ അന്തേവാസികളുടെ വകയായി ഒരു ബാങ്കും, ഒരു കൈത്തൊഴിൽ കേന്ദ്രവുമുണ്ട്. ഈ സ്ഥാപനങ്ങളുടെ സേവനം ഒരിക്കൽ നേടിയവർ, പിന്നീടൊരിക്കലും ഭിക്ഷാടനത്തിലേക്കു തിരിച്ചുപോകരുതെന്നു വ്യവസ്ഥചെയ്തിരിക്കുന്നു.

ബാബായുടെ പത്നി ഇന്ദുഘുലേ അറിയപ്പെടുന്നത് 'സാധനാതായി' എന്ന പേരിലാണ്. ഈ ദമ്പതിമാർക്ക് രണ്ടു പുത്രന്മാരുണ്ട്. അവരും, അവരുടെ ഭാര്യമാരും, ഡോക്ടർമാർ ആകുന്നു. ഈ കുടുംബത്തിലെ എല്ലാ അംഗങ്ങളും 'ആനന്ദവന'ത്തിൽ പ്രവർത്തിക്കുന്നു. വികലാംഗർക്കുവേണ്ടി 'സോമനാഥ്'' എന്ന ഒരു കോളനികൂടി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

മഹാത്മാഗാന്ധിയുടെ നിർമ്മാണപരിപാടികളിൽ പ്രധാനപ്പെട്ട

ഒരിനം ആയിരുന്നു കുഷ്ഠരോഗനിർമ്മാർജ്ജനം. സേവാഗ്രാമത്തിൽ അന്തേവാസിയായി ഒരു കുഷ്ഠരോഗി ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ വ്രണങ്ങൾ കഴുകി മരുന്നുവെച്ചുകെട്ടുന്നതു് ഗാന്ധിജിയുടെ ദിനചര്യകളിൽ ഒന്നായിരുന്നു. കുഷ്ഠരോഗികളുടെ സേവനത്തിനായി 'ഹിന്ദ് കുഷ്ഠ നിവാരണ സംഘ്' എന്ന ഒരു സ്ഥാപനം ഗാന്ധിജിയുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നു. അംതേയുടെ കുഷ്ഠരോഗ നിവാരണ പ്രവർത്തനങ്ങൾക്കു പ്രചോദനമായി വർത്തിച്ചതു് മഹാത്മാഗാന്ധിയുടെ ഇത്തരം പ്രവർത്തനങ്ങളാണു്.

ബാബാ അംതേ ഒരു കവിയും ദാർശനികനുമാണു്. മറാഠിഭാഷയിൽ അദ്ദേഹം എഴുതിയ കവിതകൾ 'ജ്വാലയും പൂക്കളും' എന്നപേരിൽ സമാഹരിക്കപ്പെട്ടിട്ടുണ്ടു്. നല്ല ഒരു വാഗ്മിയുമാണു് അദ്ദേഹം. മധുരമായ പെരുമാററംനിമിത്തം, തന്റെ പ്രവർത്തനങ്ങളിൽ വ്യത്യസ്ത ജനവിഭാഗങ്ങളുടെ വ്യാപകമായ സഹകരണം നേടുവാൻ അദ്ദേഹത്തിനു് കഴിഞ്ഞിട്ടുണ്ടു്.

വനസംരക്ഷണമാണു് ബാബാ അംതേയ്ക്കു താല്പര്യമുള്ള മററൊരു വിഷയം. 'കാടുകളുടെ രക്ഷ, മനുഷ്യന്റെ രക്ഷ' (ജംഗിൾ ബചാവോ, മാനവ് ബചാവോ) എന്ന പേരിൽ ആദിവാസികളുടെ ഒരു പ്രസ്ഥാനം കഴിഞ്ഞ ആണ്ടിൽ അദ്ദേഹം സംഘടിപ്പിക്കുകയുണ്ടായി.

അദ്ദേഹത്തിനു് ഇപ്പോൾ എഴുപത്തൊന്നു വയസ്സായി. നിരന്തരമായ അദ്ധ്വാനത്തിന്റെ ഫലമായി അദ്ദേഹം രോഗിയായിരിക്കുന്നു. എങ്കിലും, രോഗശയ്യയിൽ കിടന്നുകൊണ്ടു് അദ്ദേഹം താൻ പടുത്തുയർത്തിയ സ്ഥാപനങ്ങളുടെ ദൈനംദിനപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

ബാബാ അംതേയെപ്പോലുള്ള ജനസേവകരുടെ ഒരു സംഘടനയായി കോൺഗ്രസ്സിനെ വളർത്തിക്കൊണ്ടുവരാനാണു് മഹാത്മാഗാന്ധി ആഗ്രഹിച്ചതു്. പക്ഷേ, നിർഭാഗ്യവശാൽ, കോൺഗ്രസ് മാത്രമല്ല, നമ്മുടെ രാഷ്ട്രീയ സംഘടനകളെല്ലാംതന്നെ, ഭാഗ്യാന്വേഷികളുടെ വേട്ടക്കുടാരങ്ങളായി മാറിയിരിക്കുന്നു. ജനസേവകർക്കു് അവയിൽ സ്ഥാനമില്ലെന്നു വന്നിരിക്കുന്നു. സ്വാതന്ത്ര്യഭാരതത്തിനു നേരിട്ട ഏററവും വലിയ നിർഭാഗ്യം ഇതാകുന്നു.

22 സെപ്തംബർ, 1985

## 62. വൈലോപ്പിള്ളി

ഇന്നലെ (ഡിസംബർ 23—ാം തീയതി) അതിരാവിലെ, തൃശ്ശൂരിൽ പൂങ്കുന്നത്തുള്ള ഡോക്ടർ ടി. ഐ. രാധാകൃഷ്ണന്റെ വസതിയിൽ ചെന്നു് ഏതാനും മണിക്കൂറുകൾക്കുമുമ്പു് മൃത്യുവിന്റെ ആശ്ലേഷത്തിൽ നിശ്ചലമായിക്കഴിഞ്ഞിരുന്ന വൈലോപ്പിള്ളിൽ ശ്രീധരമേനോന്റെ ഭൗതികശരീരം അവസാനമായി ഞാൻ കണ്ടു. ജീവിതത്തിന്റെ ഒടുവിലത്തെ എഴുപത്തൊന്നു നാളുകളിൽ ശ്രീധരമേനോനു് ആവശ്യമായിരുന്ന പരിചരണം നൽകുന്നതിനുള്ള ഭാഗ്യം കൈവന്നതു് ഡോക്ടർ രാധാകൃഷ്ണനായിരുന്നു.

ജീവചൈതന്യം തുടിച്ചുനിന്നിരുന്ന ആ ശരീരം ആദ്യമായി ഞാൻ കണ്ടതു് നാൽപ്പത്തേഴ വർഷംമുമ്പു് 1938—മാർച്ചുമാസത്തിലെ ഒരു പുലരിയിലായിരുന്നു. എന്റെ മാതൃവിദ്യാലയമായ തൃപ്പൂണിത്തുറ സംസ്കൃത കോളേജിന്റെ അങ്കണത്തിൽ, ആ കോളേജിൽ ക്ലാർക്കു് ആയിരുന്ന ഒരു